# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വരൾച്ചമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടം</u>

2728 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട വരൾച്ചമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) വരൾച്ച നേരിടാൻ സർക്കാർ എത്ര രൂപയാണ് അനുവദിച്ചത്; എത്ര രൂപ ചെലവഴിച്ചു; അനുവദിച്ചതും നടപ്പാക്കിയതുമായ പദ്ധതികൾ സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(സി) സംസ്ഥാനം നേരിട്ട വരൾച്ചയുടെ കാഠിന്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്;

(ഡി) കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിൻപ്രകാരം നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക</u>

2729 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മലപ്പുറം ജില്ലയ്ക്ക് ഈ വർഷം എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിൽ ഈ വർഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്ക് എത്ര തുകയുടെ ഭരണാനുമതി നൽകിയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി

2730 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസനിധി ഉപയോഗിച്ച് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഭാഗികമായി തകരുന്ന വീടുകള്‍ക്ക് നഷ്ടപരിഹാരം</u>

2731

ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലവര്‍ഷക്കെടുതിയിലും പ്രകൃതിക്ഷോഭത്തിലും ഭാഗികമായി തകരുന്ന വീടുകള്‍ക്ക് നഷ്ടപരിഹാരങ്ങള്‍ നല്‍കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭവന നിര്‍മ്മാണത്തിനുള്ള ആനുകൂല്യങ്ങള്‍ പല തവണ വര്‍ദ്ധിപ്പിച്ചെങ്കിലും ഭാഗികമായി തകര്‍ന്നവ പുനര്‍നിര്‍മ്മിക്കുന്നതിനുള്ള ആനുകൂല്യം വര്‍ദ്ധിപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആനുകൂല്യങ്ങള്‍ വര്‍ദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം

T-2732 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേനൽ മഴയിലും മറ്റും മടവീഴ്ച മൂലം കൃഷി നശിച്ച ഏതെല്ലാം പാടശേഖരങ്ങൾക്ക് ഇനിയും നഷ്ടപരിഹാരം നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പിന്റെ കീഴിലുള്ള 'ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി' വിളിച്ചു കൂട്ടി സി ബ്ലോക്ക് പാടശേഖരങ്ങളുടെ നഷ്ടപരിഹാരം അനുവദിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കടല്‍ത്തീര സംരക്ഷണത്തിന് കണ്ടല്‍ അധിഷ്ഠിത ജൈവ വേലി</u>

2733 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കടല്‍ത്തീര സംരക്ഷണത്തിന് കണ്ടല്‍ അധിഷ്ഠിത ജൈവ വേലി നിര്‍മ്മിക്കുന്നത് സംബന്ധിച്ച് ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റര്‍ മാനേജ്മെന്റ് നടത്തിയ പഠനത്തിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ബി) കേരളത്തില്‍ ഇത്തരം ജൈവവേലികള്‍ എവിടെയെല്ലാമാണ് നിര്‍മ്മിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കടലാക്രമണ പ്രതിരോധനത്തിന് കണ്ടൽ ചെടിവേലി</u>

2734

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണപ്രതിരോധത്തിന് കണ്ടൽ ചെടികൾ ഉപയോഗിച്ചുള്ള ജൈവവേലി നിർമ്മിക്കുന്നകാര്യം പരിശോധിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആ നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നതിന്റെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കായംകുളം അസംബ്ലി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച വരൾച്ച ദുരിതാശ്വാസ പദ്ധതികൾ</u>

T-2735 ശ്രീ.സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുകയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയാണെന്നും നിലവിൽ ഇവയുടെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**20.06.2013–ലെ മറുപടിക്ക്**

<u>കോഴിക്കോട് ജില്ലയിൽ വരൾച്ചയുടെ ഭാഗമായി ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>

2736 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 വരൾച്ചാ കാലത്ത് കോഴിക്കോട് ജില്ലയിൽ വരൾച്ചയുടെ ഭാഗമായി എത്ര രൂപയുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ മെയ് 31നകം പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണ്;

(സി) ഒരു വർഷം കൊണ്ട് പൂർത്തിയാക്കേണ്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) മെയ് 31 വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

നേമം നിയോജക മണ്ഡലത്തിലെ കാലവർഷക്കെടുതികളിൽപെട്ടു തകർന്ന റോഡുകൾ

2737 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ കാലവർഷക്കെടുതികളിൽപെട്ടു തകർന്ന റോഡുകൾ പൊതുമരാമത്തു വകുപ്പിനെ ചുമതലപ്പെടുത്തി പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ബി) ഫ്ളഡ് റിലീഫിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽ പുനരുദ്ധാരണം നടത്തുവാൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം അസംബ്ലി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

2738

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ പലതും ലാപ്സായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കളക്ട്രേറ്റിൽ നിർവ്വഹണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) 2009–2010, 2010–11, 2011–12 സാമ്പത്തിക വർഷങ്ങളിൽ കായംകുളം അസംബ്ലി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഏതൊക്കെ പ്രവൃത്തികളാണ് ലാസ്പായിട്ടുളളത്; ഇതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കാന്തലാട് വില്ലേജിലെ കൃഷി നാശം</u>

2739 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കാന്തലാട് വില്ലേജിൽ നെട്ടംപാറച്ചാലിൽ ഉരുൾപൊട്ടിയതും കൃഷിയും വസ്തുവകകളും ഒഴുകിപ്പോയതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഏതെല്ലാം വ്യക്തികൾക്ക് എന്തെല്ലാം സ്വത്തുക്കൾ നഷ്ടമായെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പരവൂർ നഗരസഭയിൽ പണിതീർത്തിട്ടുള്ള സുനാമി പുനരധിവാസ ഫ്ളാറ്റുകൾ</u>

2740 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ പണി തീർത്തിട്ടുള്ള ഫ്ളാറ്റുകളിൽ എത്ര കുടുംബങ്ങളെയാണ് താമസിക്കുവാൻ അനുവാദം നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത ഫ്ളാറ്റുകളിൽ കുടിവെള്ളം, വൈദ്യുതി, മാലിന്യസംസ്കരണം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയും, ഈ വിഷയം പലപ്പോഴും ക്രമസമാധാന പ്രശ്നമായി മാറുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രശ്നപരിഹാരത്തിലേക്കായി സമയബന്ധിതമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കോട്ട തുരുത്ത് പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കുന്ന നടപടി</u>

2741 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റിവർ മാനേജ്മെന്റ് ഫണ്ടിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കോട്ട തുരുത്ത് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിൽ സർക്കാർ തലത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഈ പദ്ധതിയ്ക്ക് അംഗീകാരം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>റിവര്‍ മാനേജ്മെന്റ് ഫണ്ട്</u>

2742 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിവര്‍ മാനേജ്മെന്റ് ഫണ്ട് കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മണലെടുക്കുന്നതുമൂലം നദികളുടെ പരിസരങ്ങളിലുണ്ടാകുന്ന നാശനഷ്ടങ്ങള്‍ പരിഹരിക്കുവാന്‍ പ്രസ്തുത ഫണ്ടില്‍ നിന്നും തുക അനുവദിക്കുന്നതിന് മുന്‍ഗണന നല്‍കുന്നുണ്ടോ;

(സി) എങ്കില്‍ മലപ്പുറം ജില്ലയില്‍ റിവര്‍ മാനേജ്മെന്റ് ഫണ്ടില്‍ നിന്നും ഏതെല്ലാം പദ്ധതികള്‍ക്ക് കഴിഞ്ഞ രണ്ട് വര്‍ഷത്തിനുള്ളില്‍ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

2743 ശ്രീ. എ. കെ. ബാലൻ
,, ഇ. പി. ജയരാജൻ
,, സി. കെ. സദാശിവൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വേ നമ്പരും വിസ്തൃതിയുമടങ്ങിയ ഡേറ്റാബാങ്ക് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഈ നടപടി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഫലപ്രദമായി
നടപ്പാക്കാത്തതിനാൽ വ്യാപകമായ തോതിൽ നിലം നികത്തലുകൾ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഭൂമാഫിയ - ഉദ്യോഗസ്ഥ കൂട്ടുകെട്ടാണ് ഈ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്നിലുള്ളതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത്തരക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നെൽവയൽ - നീർത്തട സംരക്ഷണ നിയമത്തിന്റെ ഭരണച്ചുമതല ഏത് വകുപ്പിനാണ്; മറ്റു വകുപ്പുകൾ നിലം നികത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും അനുവാദം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം നടപടി തടയുന്നതിനും നിയമം കർക്കശമായി നടപ്പാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കാലാവസ്ഥാ വ്യതിയാനവും ദുരന്തങ്ങളും</u>

2744

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് പ്രഖ്യാപിക്കപ്പെട്ട കാലാവസ്ഥാ വ്യതിയാനവും ദുരന്തങ്ങളും പഠനവിധേയമാക്കുവാനുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപാ ഇതിനകം ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ ദുരന്തസാധ്യതാ ലഘൂകരണ പരിപാടി</u>

2745 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ദുരന്തസാധ്യതാ ലഘൂകരണ പരിപാടിയുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയുടെ ഭൂപ്രകൃതിക്കനുസരിച്ചുള്ള ജില്ലാ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ</u>

2746 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പുവഴി നിർമ്മിച്ച വലിയ പറമ്പ്-മാടക്കാൽ തൂക്കുപാലത്തിന്റെ വാർഷിക അറ്റകുറ്റപ്പണികൾ ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സ്മാർട്ട് വില്ലേജുകൾ</u>

2747

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വില്ലേജുകളാണ് സ്മാർട്ട് വില്ലേജുകളാക്കി ഉയർത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കുറുവ വില്ലേജ് സ്മാർട്ട് വില്ലേജായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങളിലൂടെയുള്ള റവന്യൂ വകുപ്പിന്റെ സേവനങ്ങൾ</u>

2748 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് നൽകി വന്നിരുന്ന സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രം മുഖേന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വിവിധ സർട്ടിഫിക്കറ്റുകൾക്കായി അക്ഷയകേന്ദ്രങ്ങൾ മുഖേന അപേക്ഷ നൽകുമ്പോൾ കറന്റ് ഇല്ല, സർവർ കേടാണ് എന്നൊക്കെയുള്ള കാരണത്താൽ സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ ആവശ്യങ്ങൾക്കും മറ്റുമായി അടിയന്തിരമായി സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുമ്പോൾ യഥാസമയം അപേക്ഷകർക്ക് അവ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>വില്ലേജ് ഓഫീസുകൾക്ക് സമീപമായി അക്ഷയകേന്ദ്രങ്ങൾ</u>

2749 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രങ്ങൾ വഴി നൽകാൻ തുടങ്ങിയതോടെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വില്ലേജ് ഓഫീസുകൾക്ക് സമീപമായി അക്ഷയകേന്ദ്രങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

(സി) അക്ഷയകേന്ദ്രങ്ങളിൽ മതിയായ ജീവനക്കാരുടെ അഭാവം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പോക്കുവരവ് ഓൺലൈനായി നടപ്പാക്കാൻ പദ്ധതി</u>

2750 ശ്രീ. എം. പി. വിൻസെന്റ്
'' വി. പി. സജീന്ദ്രൻ
'' അൻവർ സാദത്ത്
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടി പോക്കുവരവ് ഓൺലൈനായി നടപ്പാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

<u>റവന്യൂ ദിനാഘോഷം നടത്താൻ പദ്ധതി</u>

2751 ശ്രീ. റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ദിനാഘോഷം നടത്താൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

റവന്യൂ/സർവ്വേ വകുപ്പുകളിലെ മികച്ച ജീവനക്കാർക്ക് അവാർഡ്

2752 ശ്രീ. എം. എ. വാഹീദ്
'' ലൂഡി ലൂയിസ്
'' പാലോട് രവി
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ/സർവ്വേ വകുപ്പുകളിലെ മികച്ച ജീവനക്കാർക്ക് അവാർഡ് ഏർപ്പെടുത്താൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസിലെ ഉദ്യോഗസ്ഥർക്ക് പെരുമാറ്റ പരിശീലനം</u>

2753 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജാഫീസുകളിലെ ഉദ്യോഗസ്ഥർക്ക് പെരുമാറ്റ പരിശീലനം നൽകുമ്പോൾ അതിൽ അഴിമതി വിരുദ്ധമായ സേവനം സംബന്ധിച്ച പരിശീലനം നൽകുമോ;

(ബി) കൈക്കൂലിക്കെതിരായ ബോധവൽക്കരണം പ്രസ്തുത പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

റവന്യൂ വകുപ്പില്‍ നടന്ന സ്ഥലംമാറ്റം

2754

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ ഒരു വര്‍ഷത്തിനുള്ളില്‍ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമല്ലാതെ റവന്യൂ വകുപ്പില്‍ എത്ര സ്ഥലംമാറ്റം നടന്നുവെന്ന് വ്യക്തമാക്കുമോ; തസ്തിക തിരിച്ച് എണ്ണം നല്‍കുമോ;

(ബി) റിട്ടയര്‍ ചെയ്യാന്‍ ഒരു വര്‍ഷത്തില്‍ താഴെ മാത്രം സര്‍വ്വീസുള്ള എത്ര ജീവനക്കാരെ ഈ കാലയളവില്‍ സ്ഥലം മാറ്റിയെന്ന് വ്യക്തമാക്കാമോ; ഇത്തരത്തില്‍ സ്ഥലം മാറ്റപ്പെട്ടവരുടെ എണ്ണം തസ്തിക തിരിച്ച് നല്‍കാമോ;

(സി) വിരമിക്കലിന് ഒരു വര്‍ഷത്തില്‍ താഴെ സര്‍വ്വീസുള്ള ജീവനക്കാരെ സ്ഥലം മാറ്റാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തില്‍ മാനദണ്ഡങ്ങള്‍ ലംഘിച്ചുള്ള സ്ഥലംമാറ്റങ്ങള്‍ റദ്ദ് ചെയ്യാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

റവന്യൂ വകുപ്പിലെ സ്ഥലം മാറ്റം

2755 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഈ വർഷം പെൻഷനാകുന്ന തഹസീൽദാർ മുതൽ മുകളിലേയ്ക്കുള്ള എത്ര ജീവനക്കാരെയാണ് സ്വന്തം ജില്ലയിൽ നിന്ന് ഏപ്രിൽ മാസത്തിന് ശേഷം സ്ഥലം മാറ്റി നിയമിച്ചത് ;

(ബി) ഇതിനുള്ള കാരണമെന്താണ് ; സ്ഥലമാറ്റ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>മാവേലിക്കര തൂലൂക്കാഫീസിന് കൂടുതൽ സർവ്വേയർമാരും വാഹനവും</u>

2756 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തൂലൂക്കാഫീസിൽ മതിയായ സർവ്വേയർമാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഓഫീസിൽ പുതിയ വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

ബേസിക് ടാക്സ് രജിസ്റ്ററിലെ തിരുത്തലുകൾ

2757 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ റിക്കാർഡുകളിലെ ബേസിക് ടാക്സ് രജിസ്റ്റർ തിരുത്തുവാൻ അധികാരമുള്ള ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അധികാരമില്ലാത്ത ഉദ്യോഗസ്ഥർ പ്രസ്തുത രജിസ്റ്ററിൽ മാറ്റം വരുത്തിയ എത്ര കേസുകൾ നിലവിലുണ്ട് എന്ന് ജില്ല തിരിച്ച് വിവരം നൽകുമോ;

(ഡി) നിലത്തിനെ കരഭൂമിയായും നെൽവയൽ നികത്തൽ നിയമത്തിനു ശേഷം കരഭൂമിയായി കണക്കാക്കേണ്ട ഇവയെ നിലമായും രേഖപ്പെടുത്തിയത് മാറ്റം വരുത്തുന്നതിന് അധികാരമുള്ള ഉദ്യോഗസ്ഥർ ആരൊക്കെ; ഇത് വ്യക്തമാക്കുന്നതിനുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇത്തരം കേസുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ അദാലത്തുകൾ സംഘടിപ്പിക്കുമോ എന്ന് വ്യക്തമക്കുമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>ടാക്സി മീറ്റർ കാലിബ്രേഷൻ</u>

2758 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' വി. റ്റി. ബൽറാം
'' കെ. ശിവദാസൻ നായർ
''ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടാക്സി മീറ്റർ കാലിബ്രേഷനുവേണ്ടി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ ഓഫീസ് തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

<u>ഒരേ വിഷയത്തിലിറക്കിയ വ്യത്യസ്ത ഉത്തരവുകൾ</u>

T-2759 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)219/2012 (ടൂറിസം) ന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 2012 ജൂലൈ 17 ലെ സർക്കാർ ഉത്തരവ് നമ്പർ 41315/എ3/2012/ആർഡി (റവന്യൂ) ന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഓരേ വിഷയത്തിൽ സർക്കാരിന്റെ രണ്ടു വകുപ്പുകൾ വ്യത്യസ്ത സ്വഭാവത്തിൽ ഉത്തരവിറക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവളത്തിനുവേണ്ടിയുള്ള സ്ഥലം</u>

2760 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആറന്മുള വിമാനത്താവളത്തിനുവേണ്ടി സ്വകാര്യ വ്യക്തിയുടെ ഭൂമി മിച്ചഭൂമിയായി എടുത്തിട്ടുണ്ടോ; എങ്കില്‍ ഇപ്രകാരം എത്ര ഭൂമി ഏറ്റെടുത്തു;

(ബി) പ്രസ്തുത ഭൂമി ഭൂരഹിതര്‍ക്കു വിതരണം ചെയ്യാന്‍ നടപടി
സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>നദീതട സംരക്ഷണത്തിനു വേണ്ടിയുള്ള സമിതികളുടെ രൂപീകരണം</u>

2761 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദീതട സംരക്ഷണ നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ ജില്ലാതല, സംസ്ഥാനതല സമിതികളുടെ രൂപീകരണ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സമിതികൾ രൂപീകൃതമായെങ്കിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുവാനും മുടങ്ങിക്കിടക്കുന്നവ സമയബന്ധിതമായി പൂർത്തിയാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ അഫിഡവിറ്റ് പിന്‍വലിക്കുന്നതിന് നടപടി</u>

2762 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തോട്ടം തൊഴിലാളികള്‍ക്ക് പട്ടയം നല്‍കിയതുമായി ബന്ധപ്പെട്ട് സര്‍ക്കാര്‍ ഹൈക്കോടതിയില്‍ നല്‍കിയ അഫിഡവിറ്റ് പിന്‍വലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കില്‍ എന്തുകൊണ്ടാണ് സര്‍ക്കാര്‍ നടപടി സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പുതിയ താലൂക്കുകൾ</u>

2763 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനിയും പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം താലൂക്കുകളാണ് പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

<u>പുതിയ താലൂക്ക് രൂപീകരിച്ചതിന്റെ മാനദണ്ഡം</u>

2764 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പുതിയ താലൂക്കുകളാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ഏതെങ്കിലും കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ;

(സി) ഇല്ലെങ്കിൽ എന്ത് അടിസ്ഥാനമാക്കിയാണ് പുതിയ താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചതെന്നറിയിക്കുമോ;

(ഡി) പുതിയ താലൂക്കുകൾ രൂപീകരിച്ചുകൊണ്ടുള്ള കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കായംകുളം താലൂക്ക് രൂപീകരണം</u>

T-2765 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏകദേശം 50 വർഷത്തോളമായുള്ള കായംകുളം താലൂക്ക് എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാബുപോൾ, എം. ജി. കെ. മൂർത്തി കമ്മീഷനുകൾ നടത്തിയ പഠനത്തിൽ കായംകുളം താലൂക്ക് ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പുതിയ താലൂക്കുകളുടെ രൂപീകരണത്തിൽ കായംകുളത്തെ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കായംകുളം സിവിൽ സ്റ്റേഷനിൽ താലൂക്കിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള സാഹചര്യത്തിൽ കായംകുളം താലൂക്ക് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>ചിന്നക്കനാൽ, ബൈസൺവാലി വില്ലേജുകൾ ദേവികുളം താലൂക്കിൽ ഉൾപ്പെടുത്താൻ നടപടി</u>

2766 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിന്നക്കനാൽ, ബൈസൺവാലി വില്ലേജുകളിലായി താമസിക്കുന്ന ജനങ്ങളുടെ താലൂക്ക് ആസ്ഥാനം 60 കിലോമീറ്ററോളം അകലെയുള്ള ഉടുമ്പൻചോലയിലാണ് എന്നുള്ളത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രണ്ട് വില്ലേജുകൾ ദേവികുളം താലൂക്കിൽ ഉൾപ്പെടുത്തിയാൽ അത് ജനങ്ങൾക്ക് വളരെ ആശ്വാസകരമായിരിക്കുമെന്നതിനാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പുതിയ വില്ലേജുകൾ അനുവദിക്കുവാൻ തീരുമാനം</u>

2767 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വില്ലേജുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണമെന്ന് വ്യക്തമാക്കുമോ;

(ബി) വിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും വീർപ്പുമുട്ടുന്ന വില്ലേജുകൾ വിഭജിക്കണമെന്ന ആവശ്യം അവഗണിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഗണിച്ച് ഇത്തരം വില്ലേജുകൾ വിഭജിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>തലപ്പിള്ളിയിൽ പുതിയ വില്ലേജാഫീസുകൾ</u>

2768

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിൽ എത്ര വില്ലേജുകൾ ഉണ്ട്;

(ബി) ഒറ്റ വില്ലേജുള്ള എത്ര വില്ലേജാഫീസുകൾ തലപ്പിള്ളി താലൂക്കിൽ ഉണ്ട്;

(സി) ഗ്രൂപ്പ് വില്ലേജാഫീസുകൾ എത്ര എണ്ണം ഉണ്ട്; ഗ്രൂപ്പ് വില്ലേജാഫീസുകളിൽ ശരാശരി എത്ര അക്ഷേകൾ വിവിധ ആവശ്യങ്ങൾക്കായി ദിനം പ്രതി ലഭിയ്ക്കുന്നുണ്ട്;

(ഡി) ഗ്രൂപ്പ് വില്ലേജാഫീസുകളിലെ അപേക്ഷകരുടെ തിരക്ക് കുറയ്ക്കുന്നതിനും ജനങ്ങൾക്ക് കൂടുതൽ സൗകര്യം ലഭ്യമാക്കുന്നതിനും ഗ്രൂപ്പ് വില്ലേജാഫീസുകൾ വിഭജിച്ച് പുതിയ വില്ലേജാഫീസുകൾ ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗം</u>

2769 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകൾക്ക് കമ്പ്യൂട്ടർ, പഠനോപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങി നൽകുന്നത് അനുവദനീയമാണോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>തേജസ്വിനി പുഴയ്ക്ക് കുറുകെ ചെറിയാക്കരയിൽ തൂക്കു പാലം</u>

2770 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കയ്യൂർ വില്ലേജിലെ ചെറിയാക്കര ഗ്രാമത്തിലെ ജനങ്ങൾക്ക് മറുകരയുമായി ബന്ധപ്പെടുന്നതിനും ഇവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് തേജസ്വിനി പുഴയ്ക്ക് അക്കരെയുള്ള വിദ്യാലയങ്ങളിലേക്ക് പോകുന്നതിനും, തേജസ്വിനി പുഴയ്ക്ക് കുറുകെ റിവർ മനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെറിയാക്കരയിൽ തൂക്കു പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കുമളി സബ്സ്റ്റേഷനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി</u>

2771 ശ്രീമതി ഇ.എസ്.ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുമളി സബ്സ്റ്റേഷനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എത്ര സമയ പരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുത്ത് കെ.എസ്.ഇ.ബി ക്ക് കൈമാറുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കാനറയിൽ ഇലക്ട്രിക് ശ്മശാനം</u>

2772 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കാനറയിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി ആവശ്യപ്പെട്ട റവന്യൂ ഭൂമി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) അടിയന്തിരമായി റവന്യൂ ഭൂമി ലഭ്യമാക്കി ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം</u>

2773

ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ ആളൂർ വില്ലേജിലെ Sy No.195/2 - ൽപ്പെട്ട 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമിയിൽ, എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിന് അനുമതിയ്ക്കായി റവന്യൂ വകുപ്പിൽ അപേക്ഷ നൽകിയിരുന്നോ;

(ബി) ഇതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പൊതുജനങ്ങൾക്ക് പ്രയോജനമുള്ള സ്ഥാപനം നിർമ്മിക്കുവാൻ 2012–ൽ അപേക്ഷ നൽകിയിട്ടും നാളിതുവരെ അനുമതി നൽകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) എം.എൽ.എ. ഫണ്ട് വിനിയോഗത്തിലെ കാലതാമസ്സം ഒഴിവാക്കാൻ എത്രയും വേഗം അനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>പണിപൂർത്തീകരിച്ച റോഡിന്റെ ബിൽ തുക മാറുന്നതിന് നിയമതടസ്സം</u>

2774 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഫ്ളഡ് റിലീഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിച്ച നാദാപുരം നിയോജക മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്ത് മൂത്തേടത്ത്കുന്ന് – കോട്ടക്കുന്ന് റോഡിന്റെ ബിൽ തുക മാറുന്നതിന് നിലവിൽ എന്തെങ്കിലും നിയമതടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മണൽക്ഷാമം നേരിടുന്ന കേരളം</u>

2775 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ മണൽക്ഷാമം നേരിടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>എൻ. എച്ച്.17നുവേണ്ടി എടുക്കുന്ന സ്ഥലത്തിനുള്ള നഷ്ടപരിഹാരം</u>

T-2776 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവെ–17ന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് കളക്ടറുടെ ചേമ്പറിൽ വച്ചു നടന്ന സർവ്വകക്ഷിയോഗതീരുമാനങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) ഭൂമിയും കെട്ടിടങ്ങളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സർവ്വകക്ഷിയോഗത്തിൽ പരിഗണിച്ച നഷ്ടപരിഹാരം സംബന്ധിച്ച പാക്കേജ് അംഗീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>തിരുമല - തൃക്കണ്ണാപുരം റോഡിന്റെ ലാന്റ് അക്വിസിഷൻ</u>

2777 ശ്രീ.വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ തിരുമല- തൃക്കണ്ണാപുരം റോഡിന്റെ വികസനത്തിനു വേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികളുടെ ഇതു വരെയുള്ള പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അന്യാധീനപ്പെട്ട സർക്കാർ ഭൂമി</u>

2778 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാർ ഭൂമി കൈയേറിയവരിൽ നിന്നും എത്ര ഭൂമി തിരിച്ചുപിടിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിൽ എത്ര ഹെക്ടർ വീതം ഭൂമി ഇത്തരത്തിൽ പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>റീ സര്‍വ്വെ നടപടികള്‍</u>

2779 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ റീ സര്‍വ്വെ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) റീ സര്‍വ്വെ എത്ര വില്ലേജുകളില്‍ പൂര്‍ത്തീകരിച്ചിട്ടുണ്ട്;

(സി) ഇനി എത്ര വില്ലേജുകളില്‍ പൂര്‍ത്തീകരിക്കാനുണ്ട്;

(ഡി) റീ സര്‍വ്വെ പ്രവൃത്തികള്‍ എന്നത്തേയ്ക്ക് പൂര്‍ത്തീകരിക്കാന്‍ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മേപ്പയൂർ വില്ലേജിൽ റീസർവ്വേയിൽ വന്ന അപാകത</u>

2780 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ വില്ലേജിൽ നടത്തിയ റീസർവ്വേയിൽ ഭൂമി തരംതിരിക്കാത്തത് കാരണം യഥാർത്ഥ ഉടമകളായ പലരുടെയും പേരിൽ ഭൂമിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) റീസർവ്വേയിൽ വന്ന അപാകത കാരണം നികുതി സ്വീകരിക്കാനും കൈവശാവകാശ സർട്ടിഫിക്കറ്റ് മുതലായ സർട്ടിഫിക്കറ്റുകൾ നൽകാനും എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഭൂമിയുടെ ന്യായവില നിർണ്ണയം</u>

2781 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂമിയുടെ ന്യായവില നിർണ്ണയത്തിൽ വന്നിട്ടുള്ള അപാകതകൾ ഇനിയും പരിഹരിക്കപ്പെടാനുണ്ട് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തലപ്പിള്ളി താലൂക്ക് കാട്ടകാമ്പാൽ വില്ലേജ് പെങ്ങാമുക്ക് ദേശത്തെ, കൊള്ളനൂർ വീട്ടിൽ സജിം കെ. മാത്തുണ്ണിയുടെ ഭൂമിക്ക് ഫെയർ വാല്യു നിശ്ചയിച്ചത് വളരെ കൂടുതലാണെന്നും ആയത് കുറച്ചു കിട്ടണം എന്നു കാണിച്ചു നൽകിയ അപേക്ഷ അപ്പീൽ സമയം കഴിഞ്ഞു എന്നുപറഞ്ഞ് നിരസിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടിക്കൊടുത്ത് ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഫെയർ വാല്യു നിർണ്ണയത്തിലെ അപാകത</u>

2782 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഉതർങ്ങാട്ടിരി പഞ്ചായത്തിലെ വെറ്റിലപ്പാറ പ്രദേശത്ത് ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ജില്ലാ ഭരണകൂടത്തിന് ലഭിച്ച പരാതികളുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ;

(ഡി) പരാതികൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ജനപ്രതിനിധികളെ കൂടി പങ്കെടുപ്പിച്ച് ഒരു അദാലത്ത് സംഘടിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഭൂപരിഷ്കരണ നിയമത്തിൽ പൊളിച്ചെഴുത്ത്</u>

T2783 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിൽ പൊളിച്ചെഴുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ നിയമത്തിലൂടെ ഭൂമി നിഷേധിക്കപ്പെട്ടവർക്ക് ഭൂമി നൽകുവാൻ ശ്രമം നടത്തുമോ;

(ബി) ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ് വർഷങ്ങൾ പിന്നിട്ടിട്ടും പട്ടിക വിഭാഗക്കാരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സം എന്താണ്; ഇത് പരിഹരിക്കുന്നതിന് ശ്രമിക്കുമോ;

(സി) ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമി കണ്ടെത്തി നൽകുന്ന പദ്ധതിയിലേക്ക് എത്ര സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തിയിട്ടുണ്ട്; ഇവയിൽ എവിടെയൊക്കെ ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി</u>

2784 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തിയിരുന്നോ; എങ്കിൽ എപ്പോഴാണ് നിയമഭേദഗതിക്ക് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമപ്രകാരമുള്ള സംരക്ഷണനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ഇത്തരം ഭൂമിയിൽ കർഷകർക്ക് സ്ഥിരാവകാശം നൽകുന്നതിന്റെ ഭാഗമായി എത്ര കർഷകർക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്;

(ഡി) ഈ വിഭാഗത്തിലെ എല്ലാ കർഷകർക്കും എത്രയും പെട്ടെന്ന് സ്ഥിരാവകാശരേഖ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിനിയോഗം</u>

2785 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികൾക്കായി സർക്കാർ ഏറ്റെടുത്തതും എന്നാൽ പദ്ധതി നടക്കാത്തതുമൂലം ഉപയോഗിക്കാതെ ഉള്ളതുമായ ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഈ ഭൂമി മുൻ ഉടമകൾക്ക് ന്യായമായ വിലയ്ക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>ഭൂരഹിതർക്ക് ഭൂമി വിതരണം</u>

2786 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൻപ്രകാരം ഭൂമി ലഭ്യമായവരിൽ ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം എന്നിവരുടെ കണക്കുകൾ വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഭൂരഹിതർക്ക് ഭൂമി നൽകാൻ നടപടികൾ

2787 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഏക്കർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) മിച്ചഭൂമി കേസുകളിൽ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകൾ തീർപ്പുകൽപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; എത്ര ഹെക്ടർ ഭൂമിയാണ് ഇത്തരത്തിൽ കേസുകളിൽപ്പെട്ട് കോടതികളിൽ തീർപ്പുകൽപ്പിക്കാനുള്ളത്; വിശദമാക്കുമോ;

(സി) എത്ര ഏക്കർ മിച്ചഭൂമി നോട്ടിഫൈ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര ഏക്കർ മിച്ചഭൂമി ഭൂരഹിതർക്ക് നൽകി; ജില്ലതിരിച്ച് വിശദമാക്കുമോ;

(ഇ) പൊതു ആവശ്യത്തിന് ലാൻഡ് ബോർഡ് വഴി എത്ര ഏക്കർ മിച്ചഭൂമി റിസർവ്വ് ചെയ്തിട്ടുണ്ട്; എന്താവശ്യങ്ങൾക്ക്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ഭൂരഹിതരായ എത്ര കുടുംബങ്ങളാണ് നിലവിൽ സംസ്ഥാനത്തുള്ളത്; ഭൂരഹിതർക്ക് മുഴുവൻ കുടുംബത്തിനും ഭൂമി നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കയ്പമംഗലത്ത് ഭൂരഹിതർക്ക് ഭൂമി</u>

2788 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഭൂരഹിതർക്ക് ഭൂമി പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) വില്ലേജ് അടിസ്ഥാനത്തിൽ എണ്ണം വ്യക്തമാക്കാമോ;

(സി) അപേക്ഷകൾക്കനുസൃതമായി ഭൂമി കണ്ടെത്തുവാനായിട്ടുണ്ടോ;

(ഡി) ഭൂമി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>റവന്യൂ ഭൂമി പതിച്ചു നൽകൽ</u>

2789

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമി പതിച്ച് നല്കുന്നതിലേയ്ക്ക് റവന്യൂ വകുപ്പിൽ ലഭിച്ച അപേക്ഷകളിൽ പരിഗണിച്ചുവരുന്നവ ഏതൊക്കെയാണ്; ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സന്നദ്ധ സംഘടനകൾക്കും, രാഷ്ട്രീയ പാർട്ടികൾക്കും, സാമൂഹ്യസംഘടനകൾക്കും വേണ്ടി ഭൂമി പതിച്ച് നല്കുകയോ പാട്ടത്തിന് നല്കുകയോ ചെയ്ത കേസുകൾ എത്ര; അവ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

**മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ കൈവശഭൂമിക്ക് പട്ടയം**

2790 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ എത്ര കുടുംബങ്ങൾക്കാണ് തങ്ങളുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 2001ൽ സംയുക്ത പരിശോധന നടത്തി റിപ്പോർട്ടും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടും, 60 ഉം 70 ഉം വർഷമായി ഇവിടെ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് ഇനിയും പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവരുടെയും സ്ഥലത്തെ കൈവശക്കാരുടെയും വിവരങ്ങൾ ഒത്തു നോക്കുന്നതിനും, ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും 2001 മുതൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കാമോ; എത്ര പേരടങ്ങുന്ന ടീമിനെയാണ് 401 പേരുടെ കൈവശഭൂമി അളക്കുന്നതിനും, വിശദാംശങ്ങൾ ഒത്തു നോക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഇത്തരം കേസുകളിൽ അടിയന്തര തീർപ്പുകല്പിക്കാനായി പ്രത്യേക ഉദ്യോഗസ്ഥ ടീമിനെ നിയമിക്കുകയും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>പട്ടയം നൽകാൻ നടപടി</u>

2791 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കിലെ ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിലെ പനങ്ങാട് വില്ലേജിലെ VII-ാം വാർഡിലെ ഐ.എച്ച്.ഡി.പി. ഹരിജൻ കോളനിയിലെ തോട്ടുപുറത്ത് കുമാരൻ, തോട്ടുപുറത്ത് വേലായുധൻ ഭാര്യ ഉഷ, പയനാട്ട് കുഞ്ചക്കൻ ഭാര്യ ജാനു എന്നിവരുടെ 162/4 ൽ ഉൾപ്പെട്ട ഭൂമിക്ക് പട്ടയം ലഭിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടിക സമുദായത്തിൽപ്പെട്ട അപേക്ഷകർക്ക് ഭൂമിയുടെ പട്ടയം ലഭിക്കാത്തതിനാൽ സർക്കാരിൽനിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പട്ടയം അനുവദിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പട്ടയം അനുവദിച്ചുകിട്ടുന്നതിന് എന്ത് നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഇ) പട്ടയം ആനുവദിക്കാതിരിക്കുന്നതിന് നിയമതടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) എന്നത്തേക്ക് മേൽ സൂചിപ്പിച്ച വ്യക്തികൾക്ക് പട്ടയം അനുവദിച്ച് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കൈവശ ഭൂമിക്ക് പട്ടയം</u>

2792 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ അത്തിക്കയം - മടന്തമൺ തെക്കേത്തൊട്ടിയിൽ എത്ര കുടുംബങ്ങൾക്കാണ് കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലത്ത് ജോയിന്റ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പൂർത്തീകരിച്ചത്;

(സി) പ്രസ്തുത സ്ഥലത്തെ ആളുകൾക്ക് പട്ടയം നൽകുന്നതിന് സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ കൈവശ സ്ഥലവും, ലിസ്റ്റിൽ രേഖപ്പെടുത്തിയ സ്ഥലവും ഒന്നുതന്നെയെന്ന് പരിശോധിച്ച് അളന്നു തിട്ടപ്പെടുത്തുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എത്ര പേരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

(ഡി) കൂടുതൽ ആളുകളെ ഇതിനായി ചുമതലപ്പെടുത്തുകയും, സമയബന്ധിതമായി റിക്കാർഡുകൾ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

ലക്ഷം വീട് കോളനിയിലെ താമസക്കാരുടെ പട്ടയം

2793 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ 13–ാം വാർഡ് ലക്ഷം വീട് കോളനിയിലെ താമസക്കാരുടെ പട്ടയത്തിനായുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പട്ടയം അനുവദിച്ചുനൽകിയോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് പട്ടയം നൽകുവാൻ കഴിയും; വിശദാംശം നൽകാമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കൈവശക്കാരായ കുടുംബങ്ങൾക്ക് പട്ടയം</u>

2794 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ അലിമുക്കിലെ കൈവശക്കാരായ 200 ലധികം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇനിയും പൂർത്തീകരിക്കാനുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) പട്ടയം ലഭിക്കുന്നതിനായി എത്ര കൈവശ കുടുംബങ്ങളുടെ അപേക്ഷയാണ് വില്ലേജാഫീസിൽ ലഭിച്ചിട്ടുളളത്; എത്ര അപേക്ഷയാണ് ഇനിയും ലഭിക്കാനുളളത്; ആരാധനാലയങ്ങളും, പൊതുസ്ഥാപനങ്ങളും അടക്കമുളളവയുടെ കാര്യത്തിൽ ആരാണ് അപേക്ഷ നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഇവരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കേസിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ;

(സി) ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; പ്രസ്തുത അപേക്ഷകളിന്മേൽ അർഹത പരിശോധിച്ചുളള റിപ്പോർട്ട് ജില്ലാ കളക്ടർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) സമയബന്ധിതമായി ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് ഉതകുംവിധം ഒരു പ്രത്യേക ടീമിനെ ഇതിനായി നിയോഗിക്കാനും, ആവശ്യമായ ഉദ്യോഗസ്ഥരെ ഇതിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>തിങ്കൾകരിക്കം വില്ലേജിലെ ആദിവാസി സമൂഹം നടത്തുന്ന സമരം</u>

2795 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തിങ്കൾകരിക്കം വില്ലേജിലെ 56 ഏക്കർ റവന്യൂ ഭൂമിയിൽ കുടിൽ കെട്ടി ഭൂമിക്കു വേണ്ടി ആദിവാസി സമൂഹം നടത്തുന്ന സമരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം ന്യായമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വടകര താലൂക്കിലെ റവന്യൂ ഭൂമി</u>

2796 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ റവന്യൂ വകുപ്പിനു കീഴിൽ എത്ര സർക്കാർ ഭൂമി ഏതൊക്കെ വില്ലേജുകളിൽ ഏതൊക്കെ പ്രദേശങ്ങളിൽ ഏതൊക്കെ സർവ്വെ നമ്പറുകളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ എവിടെയെങ്കിലും കൈയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

മങ്കട നിയോജക മണ്ഡലത്തിലെ സർക്കാർ ഭൂമി

2797 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മങ്കട നിയോജകമണ്ഡലത്തിൽ സർക്കാർ കൈവശം എത്ര ഭൂമിയാണ് ഉള്ളതെന്നും അവ ഏതെല്ലാം പ്രദേശത്താണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

**<u>ഭൂമി കേരളം പദ്ധതിക്ക് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും അപേക്ഷിച്ചവർ</u>**

2798 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിലേക്ക് ഭൂമി ലഭ്യമാക്കുന്ന ഭൂമികേരളം പദ്ധതി അനുസരിച്ച് ചാത്തന്നൂർ നിയോജക മണ്ഡല പ്രദേശത്തുനിന്നും എത്ര പേർ അപേക്ഷകരായി ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽനിന്നും എത്ര പേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്;

(സി) ഈ അപേക്ഷകർക്ക് ഭൂമി ലഭ്യമാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമി കൈയേറ്റം</u>

2799 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ കുമാരഗിരി എസ്റ്റേറ്റ് വ്യാപകമായി സർക്കാർ ഭൂമി കൈയേറിയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയിൽ സർവ്വെ ജോലികൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ ഭൂമി വ്യാപകമായി കയ്യേറിയതായുള്ള ആരോപണം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിലെ ഭൂമി കൈയ്യേറ്റം</u>

T2800 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ ഷോളയാർ, പുതൂർ, അഗളി എന്നീ പഞ്ചായത്തുകളിലെ ആദിവാസികളുടെ ഭൂമി കയ്യേറിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലും റീ–സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി മേഖലയിൽ ആരംഭിച്ച റീ–സർവ്വെ ഓഫീസ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ എന്നും റീസർവ്വെ പ്രവർത്തനങ്ങൾക്ക് എത്ര സർവ്വേയർമാരെയാണ് നിയമിച്ചിരിക്കുന്നതെന്നറിയിക്കാമോ;

(ഡി) അവർ ഇപ്പോഴും അവിടെ പ്രവർത്തിക്കുന്നുണ്ടോ എന്നും അറിയിക്കാമോ;

(ഇ) റീ സർവ്വെ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കരാർ ലംഘനം നടന്നിട്ടുള്ള തോട്ടങ്ങളും വന ഭൂമിയും തിരിച്ച് പിടിക്കാൻ നടപടി</u>

2801 ശ്രീ. സി.ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞതും കരാർ ലംഘനം നടന്നിട്ടുള്ളതുമായ തോട്ടങ്ങളും വന ഭൂമിയും തിരിച്ച് പിടിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഭീമമായ പാട്ടക്കുടിശ്ശികയുള്ളവ തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്താണ്?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

മണ്ണ് എടുക്കുന്നത് തടയുന്നതിന് നടപടി

2802 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടു പണിയുന്നതിനു വേണ്ടി കുന്ന് ഇടിക്കുന്നതും മണ്ണ് എടുക്കുന്നതും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മണ്ണ് വീട് വയ്ക്കുന്നതിനുവേണ്ടി കൊണ്ടുപോകുന്നത് തടയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മണ്ണ് ഇടിക്കുന്നതിനും, മണ്ണ്, വീട് വയ്ക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യത്തിന് കൊണ്ടുപോകുന്നതിനും വേണ്ടി പാസ്സ് നൽകുന്നുണ്ടോ; ഏത് സംവിധാനത്തിലൂടെയാണ് ഈ പാസ്സ് നൽകുന്നത്; ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിന്റെ പരിപാലനം</u>

2803 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിന്റെ ഭാഗമായുള്ള ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിന്റെ ഭരണച്ചുമതല ഏത് വകുപ്പിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(സി) നിലം നികത്തുന്നതിന് സർക്കാരിന്റെ ഏതെല്ലാം വകുപ്പുകളിൽ നിന്ന് ഉത്തരവ് നൽകുന്നുണ്ട്;

(ഡി) നിയമവിരുദ്ധമായ ഉത്തരവിന്റെ മറവിൽ നികത്തപ്പെട്ടിട്ടുള്ള നിലം കണ്ടെത്തുന്നതിനും ഉത്തരവാദികളുടെ പേരിൽ നടപടിയെടുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മാമ്പുഴ സംരക്ഷിക്കുന്നതിനായി ആരംഭിച്ച സർവ്വെ നടപടികൾ</u>

2804 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാമ്പുഴ സംരക്ഷിക്കുന്നതിനായി ആരംഭിച്ച സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) സർവ്വെ നടത്തിയ സ്ഥലങ്ങളിൽ സർവ്വെ കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അനധികൃതമായി നെൽവയൽ നികത്തിയവർക്കെതിരായി നടപടി</u>

2805 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ നീർത്തട നിയമം ലംഘിച്ചുകൊണ്ട് സംസ്ഥാനത്ത് എത്ര ഏക്കർ നെൽവയൽ ആണ് രണ്ടു വർഷത്തിനുളളിൽ നികത്തപ്പെട്ടിട്ടുളളത് എന്നു കണക്കാക്കിയിട്ടുണ്ടോ;

(ബി) അനധികൃതമായി നെൽവയൽ നികത്തിയവർക്കെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര പേർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ഡി) നികത്തിയ സ്ഥലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിലുളള നടപടികൾ സ്വീകരിച്ചിട്ടുളളത്;

(എഫ്) ഇത്തരം നടപടികൾ തുടർന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

കുടിവെള്ളം വിതരണം നടത്തിയ വകയിൽ ചെലവായ തുക

2806 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്കിൽ വേനൽക്കാലത്ത് വാഹനം ഉപയോഗിച്ച് കുടിവെള്ളം വിതരണം നടത്തിയ വകയിൽ ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) വാഹനത്തിലുള്ള കുടിവെള്ള വിതരണം ഇപ്പോഴും തുടരുന്നുവോ; വ്യക്തമാക്കുമോ;

(സി) ഈ ആവശ്യത്തിലേക്കായി നൽകുവാനുള്ള തുക പൂർണ്ണമായും വാഹന ഉടമകൾക്ക് നൽകിയോ; കുടിശ്ശികയുണ്ടെങ്കിൽ ആയത് എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക എത്രയും പെട്ടെന്ന് അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

കൊട്ടാരക്കര താലൂക്കിൽ ജലവിതരണം നടത്തിയതിന് ചെലവായ തുക

2807 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജലവിതരണം നടത്തിയ വകയിൽ ഇതുവരെ എന്തു തുക ചെലവാക്കി എന്നറിയിക്കാമോ;

(ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 8 പഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി എന്തു തുക ചെലവഴിച്ചുവെന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ ട്രെയിനിംഗ് സെന്റർ</u>

2808 ശ്രീ. ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>2012–13 വർഷത്തെ ബജറ്റിൽ കയർ വകുപ്പിൽ വിനിയോഗിച്ച തുക</u>

2809 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 വർഷത്തെ ബജറ്റിൽ കയർ വകുപ്പിൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഓരോ ഹെഡിലും ഉൾപ്പെടുത്തിയ തുകയും വിനിയോഗിച്ച തുകയും സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

(ബി) 2012–13 വർഷം കയർ വകുപ്പിൽ നടപ്പാക്കാൻ നിർദ്ദേശിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര–സംസ്ഥാന വിഹിതമായി നിർദ്ദേശിച്ച തുകയെത്രയെന്നും ചെലവാക്കിയ തുകയെത്രയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കയർവകുപ്പ് മന്ത്രിയും വകുപ്പുദ്യോഗസ്ഥരും നടത്തിയ വിദേശയാത്രകൾ</u>

2810 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർ വകുപ്പ് മന്ത്രി വിദേശയാത്ര നടത്തിയിട്ടുണ്ടോ; ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചത്; യാത്രയുടെ ലക്ഷ്യം, ചെലവായ തുക എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സന്ദർശനം കൊണ്ട് സംസ്ഥാനത്തെ കയറുൽപ്പന്നങ്ങളുടെ വിപണി വിപുലപ്പെടുത്താനും കൂടുതൽ കയറ്റുമതി ഓർഡർ സമ്പാദിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥരാണ് വിദേശയാത്രകൾ ചെയ്തിട്ടുള്ളത്; യാത്രയുടെ ലക്ഷ്യം, ഓരോരുത്തരും സന്ദർശിച്ച രാജ്യങ്ങൾ, ചെലവായ തുക, നേടിയെടുത്ത കയറ്റുമതി ഓർഡർ എന്നിവ വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

കയർ തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യം

2811 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കയർ സഹകരണ സംഘം തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി എന്തു തുക നൽകിയിട്ടുണ്ട്; ഇതിൽ എന്തു തുക ക്ഷേമനിധി ബോർഡ് ചെലവഴിച്ചിട്ടുണ്ട്; എത്ര പേർക്ക് ആനുകുല്യം നൽകി; വിശദമാക്കാമോ;

(ബി) ഈ സർക്കാർ വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി എന്തു തുക അനുവദിച്ചു; എത്ര പേർക്ക് പുതുതായി ആനുകൂല്യം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) വിരമിക്കൽ ആനുകൂല്യം പദ്ധതി സ്ഥിരമായി തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

കയർ തൊഴിലാളി സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കാൻ നടപടി

2812 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് കയർതൊഴിലാളികൾ അടുത്ത കാലത്ത് സമരം നടത്തുകയുണ്ടായോ; പ്രസ്തുത സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) സമരം ചെയ്ത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് ചർച്ചയിൽ പങ്കെടുത്തത്;

(സി) ചർച്ചയുടെ അടിസ്ഥനത്തിൽ സമരം ഒത്തു തീർപ്പാക്കുകയുണ്ടായോ; എന്തെല്ലാമായിരുന്നു ഒത്തുതീർപ്പ് വ്യവസ്ഥകൾ;

(ഡി) ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കുകയുണ്ടായോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കയർ ഉൽപന്ന മേഖലയിലെ കുറഞ്ഞ കൂലി വർദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

2813 ശ്രീ. എം. പി. വിൻസെന്റ്
'' സി. പി. മുഹമ്മദ്
'' അൻവർ സാദത്ത്
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ ഉൽപന്ന മേഖലയിലെ കുറഞ്ഞ കൂലി വർദ്ധിപ്പിക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്നും വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കയര്‍ മേഖലയിലെ തൊഴിലില്ലായ്മ</u>

2814 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. ദാസന്‍
'' എസ്. ശര്‍മ്മ
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കയര്‍മേഖലയില്‍ നിലനില്‍ക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ;

(ബി) ഇതിനായി സ്വീകരിച്ച നടപടികള്‍ ഫലപ്രദമാണോ എന്ന കാര്യം വിലയിരുത്തുകയുണ്ടായോ; തുടര്‍ നടപടികള്‍ വല്ലതും സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കയര്‍ ഉത്പന്നങ്ങളുടെ വിലസ്ഥിരതാ പദ്ധതി ഈ മേഖലയില്‍ ഉദ്ദേശിച്ച ഫലം ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) കയര്‍ തൊഴിലാളികള്‍ നടത്തിയ സമരത്തെ തുടര്‍ന്ന് ഉണ്ടാക്കിയ ഒത്തു തീര്‍പ്പ് വ്യവസ്ഥകള്‍ എന്തെല്ലാമായിരുന്നു; അവ നടപ്പിലാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>തൊണ്ടു ശേഖരണ കൺസോർഷ്യം</u>

2815 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊണ്ടു ശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്;

(ബി) അവ ഓരോന്നും ഇതുവരെ എത്ര തൊണ്ടുകൾ ശേഖരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കൺസോർഷ്യവും സർക്കാരിൽ നിന്നും നൽകിയ ഗ്രാന്റിൽ നിന്നും എത്ര രൂപ ഉപയോഗിച്ചെന്നും, എന്താവശ്യത്തിനായി ഉപയോഗിച്ചെന്നും വ്യക്തമാക്കാമോ?